## വകയാർ-കരികുട്ടുത്തറ-മുറിഞ്ഞകൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

21 (1172) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ വകയാർ-കരികുട്ടുത്തറ-മുറിഞ്ഞകൽ റോഡ് (കെ.ഐ.പി. റോഡ്) ഗതാഗത യോഗ്യമല്ലാതായിട്ട് എത്ര വർഷമായി ;

(ബി) ഇതിന്റെ പുനർനിർമ്മാണത്തിന് ഉണ്ടായിരുന്ന തടസ്സങ്ങൾ എന്നാണ് ഒഴിവാക്കിയത് ; ഇതിൻപ്രകാരം എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ സർക്കാർ കെ.ഐ.പിയോട് ആവശ്യപ്പെട്ടത് ;

(സി) കെ.ഐ.പി. പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഡി) ഈ റോഡ് ഗതാഗതയോഗ്യമാക്കാനാവശ്യമായ റീ-ടെന്റർ നടപടി സ്വീകരിച്ചതെന്നാണ് ; ഇതിൻപ്രകാരം കരാർ ഉണ്ടാക്കിയോ ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളാമോ ?

ഉത്തരം

(എ) പത്തുവർഷം.

(ബി) 12-5-2000-ലെ സർക്കാർ കത്തുപ്രകാരം നിലവിലുള്ള കരാർ അവസാനിപ്പിക്കാനും ബാക്കിയുള്ള പണികൾ പ്രത്യേകമായി ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ നിലവിലുള്ള കരാർ 28-7-2000-ൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ അവസാനിപ്പിച്ചു.

(ഡി&ഇ) റീ-ടെണ്ടർ ചെയ്തിട്ടില്ല. ഇതിന്റെ ബാക്കി പണികൾക്കായുള്ള 4.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ കഴിവതും വേഗം പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്.

## തണ്ണീർമുക്കം ബണ്ട് ഷട്ടറുകളുടെ പുനർനിർമ്മാണം

22 (1173) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 1998-99 സാമ്പത്തിക വർഷത്തിൽ തണ്ണീർമുക്കം ബണ്ട് ഷട്ടറുകളുടെ പുനർനിർമ്മാണത്തിനുവേണ്ടി സർക്കാർ തുക അനുവദിച്ചിരുന്നോ ; എങ്കിൽ അനുവദിച്ച തുക എത്ര ; അനുവദിച്ച തുക പ്രസ്തുത പണികൾക്കായി ചെലവഴിച്ചോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) 1998-99-ൽ ഒന്നാം ഘട്ടം കരാറെടുത്ത ആൾക്ക് ഈ ജോലിയിൽ പരിചയമില്ലാത്തതിനാൽ പട്ടണക്കാട്ടെ ഒരു സ്വകാര്യസ്ഥാപനത്തിന് സബ്കോൺട്രാക്റ്റ് നല്കിയാണോ പണി പൂർത്തിയാക്കിയത് ; എസ്റ്റിമേറ്റ് തുകയും കരാർ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ; ഷട്ടറൊന്നിന് സബ്കോൺട്രാക്റ്റർക്ക് നല്കിയ തുക എത്ര ; ഈ പണി എന്ന് തീർന്നു ; അനുവദിച്ചിരുന്ന കാലാവധിയേക്കാൾ പണി വൈകാൻ കാരണമെന്ത് ;

(സി) 1999-2000-ൽ രണ്ടാം ഘട്ടം കരാറെടുത്ത ആൾക്ക് കരാർ നല്കിയോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്ത് ; കരാർ തുകയും എസ്റ്റിമേറ്റ് തുകയും എത്ര ;

(ഡി) ഈ വർഷം ഷട്ടറുകൾ പുതുക്കി നിർമ്മിച്ച് ഇടാത്തതിനാൽ ഉപ്പുവെള്ളം കയറി കുട്ടനാട്ടിൽ കൃഷിനാശം സംഭവിച്ചെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പ്രോജക്ടിൽ ആദ്യമായുള്ള ഷട്ടർ നിർമ്മാണത്തിൽ സിവിൽ വിഭാഗം ഏത് വർഷം വരെ ചുമതല വഹിച്ചു ; മേജർ റിപ്പയറുകൾ ചെയ്തിട്ടുണ്ടോ ; ഓരോ വർഷവും ഈ ഇനത്തിൽ ചെലവായ തുകയും ഷട്ടർ നമ്പരും സ്റ്റേജും ഇനം തിരിച്ച് വിശദമാക്കാമോ ;

(എഫ്) മെക്കാനിക്കൽ വിഭാഗം ചുമതല ഏറ്റത് എന്നാണ് ; അതിനുശേഷം ഓരോ വർഷവും റിപ്പയർ ഇനത്തിലും ഷട്ടർ പുനർനിർമ്മാണത്തിനുമായി ഷട്ടറുകളുടെ നമ്പരും സ്റ്റേജും ഇനം തിരിച്ച് കാണിച്ചും ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,90,00,000 രൂപ അനുവദിച്ചു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചു.

(ബി) അല്ല. ഷട്ടറുകൾ ജീർണ്ണിച്ചിരുന്നതു മൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഡിപ്പാർട്ടുമെന്റിന്റെ അനുമതിയോടുകൂടി കോൺട്രാക്ടർ ഏതാനും ഷട്ടറുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ പട്ടണക്കാടുള്ള ഒരു സ്വകാര്യ സ്ഥാപനത്തിന്റെ വർക്ക്ഷോപ്പ് സൗകര്യംകൂടി ഉപയോഗിച്ചിരുന്നു. എസ്റ്റിമേറ്റ് തുക-രൂപ 1,81,16,372 കരാർ തുക-രൂപ 2,12,34,092 പണികൾ 10-12-1999-ൽ തീർന്നു ; ഓരുവെള്ള കാലത്ത് ഷട്ടറുകൾ താഴ്ത്തി വച്ചിരുന്നതുകൊണ്ടും കാലാവസ്ഥ പ്രതികൂലമായിരുന്നതിനാലും റിവറ്റുകൾ യഥാസമയം മാർക്കറ്റിൽ ലഭ്യമല്ലായിരുന്നതിനാലുമാണ് പണി വൈകിയത്.

(സി) നല്കി, കരാർ തുക 1,60,18,044 രൂപ എസ്റ്റിമേറ്റ് തുക 1,60,18,044 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഷട്ടറുകൾ പുതുക്കി ഇടാത്തതിനാൽ ഉപ്പുവെള്ളം കയറി കൃഷിനാശം ഉണ്ടായതായി അറിവില്ല.

(ഇ) 1991 വരെ. കൂടുതൽ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 1991-ൽ, അതിനുശേഷം റിപ്പയർ ഇനത്തിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

| | |
|---|---|
| 1991-92 | 9,09,759 രൂപ |
| 1992-93 | 24,54,888 രൂപ |
| 1993-94 | 12,80,227 രൂപ |
| 1994-95 | 11,12,512 രൂപ |
| 1995-96 | 4,27,643 രൂപ |
| 1996-97 | 16,91,236 രൂപ |
| 1997-98 | 9,36,836 രൂപ |
| 1998-99 | 17,99,530 രൂപ |
| 1999-2000 | 3,39,998 രൂപ |

**തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകളുടെ ശോചനീയാവസ്ഥ**

**23 (1174)** ശ്രീ. മാമ്മൻ മത്തായി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മുതൽ ജലസേചന വകുപ്പ് മെക്കാനിക്കൽ വിഭാഗം തോട്ടപ്പള്ളി സ്പിൽവേയിൽ എത്ര ഷട്ടറുകൾ നിർമ്മിച്ചിട്ടുണ്ട് ; ഇതു ടെൻഡർ വിളിച്ചാണോ നല്കിയിരുന്നത് ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ; ഷട്ടറുകളുടെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തുകയും ചെലവഴിച്ച തുകയും ഷട്ടറുകളുടെ സ്റ്റേജും നമ്പറും ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) 1987-88-ലാണോ മാറ്റിയ ഷട്ടറുകൾ പെയിന്റ് ചെയ്യാനായി എസ്റ്റിമേറ്റ് ആദ്യമായി കൊടുത്തിട്ടുള്ളത് ; എസ്റ്റിമേറ്റ് തുക എത്ര ; പണികൾ യഥാസമയം തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം, ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ ;

(സി) നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർ ഇവിടുത്തെ ഷട്ടറുകളുടെ ഇന്നത്തെ ശോചനീയാവസ്ഥയെക്കുറിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ഷട്ടറുകളുടെ നിർമ്മാണത്തിനായി മെക്കാനിക്കൽ വിഭാഗം ആവശ്യപ്പെട്ട തുക എത്ര ; അനുവദിച്ച തുക എത്ര ; ചെലവഴിച്ച തുക എത്ര ;

(ഇ) ഗുണനിലവാരമില്ലാത്ത സ്റ്റീൽ പ്ലേറ്റുകളുടെയും വെൽഡിംഗ് റാഡുകളുടെയും ഉപയോഗം മൂലമാണ് പുതുക്കി നിർമ്മിച്ച ഷട്ടറുകളുടെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് കാരണം എന്ന ആക്ഷേപം ശരിയാണോ ;

LIBRARY ARCHIVES Kerala Legislative Assembly